ചിന്താവിഷയം

# വീര്യം ചോർന്ന സമുദായം

**ജമാൽ കടന്നപ്പള്ളി**

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വളർച്ചയുടെ യഥാർഥ മാനദണ്ഡം, സമർപ്പിക്കപ്പെടുന്ന റിപ്പോർട്ടുകളുടെയോ വന്നുചേരുന്ന ആൾക്കൂട്ടങ്ങളുടെയോ വലുപ്പമല്ല, പ്രത്യുത നാമോരോരുത്തരുടെയും ധാർമികശക്തിയുടെ വർധനവാണ്. ധാർമികശക്തി ഉത്തരോത്തരം വർധിപ്പിക്കാതെ ഒരിക്കലും ഈ അടർക്കളത്തിൽ വിജയിക്കാനാവില്ല.

**സത്യനിഷേധികളുടെ** പരാജയങ്ങളെ അപഗ്രഥിക്കുമ്പോൾ വിശുദ്ധ ഖുർആൻ നടത്തുന്ന ഒരു ശ്രദ്ധേയമായ പരാമർശമുണ്ട്- "ഖൗമുൻ ലാ യഫ്ഖഹൂൻ" ('ഫിഖ്ഹി'ല്ലാത്ത ജനം). എന്താണീ ഫിഖ്ഹ്? ഇത് കർമശാസ്ത്ര ഫിഖ്ഹല്ല. പ്രത്യുത 'ഖുർആനിക ഫിഖ്ഹ്' ആണ്. നിഷേധികൾക്ക് ഫിഖ്ഹില്ലാത്തതാണ് പരാജയകാരണമെന്ന് നിരൂപിക്കുമ്പോൾ വിശ്വാസികൾക്ക് ഫിഖ്ഹ് ഉണ്ടെന്ന് വരുന്നു. കാലികഭാഷയിൽ നാം ധാർമികവീര്യം, മൊറേൽ എന്നു വിളിക്കുന്നതാണ് ഖുർആനിക ഫിഖ്ഹ് എന്ന് വ്യാഖ്യാതാക്കൾ രേഖപ്പെടുത്തിയിരിക്കുന്നു. വിശുദ്ധ ഖുർആൻ കാണുക: ''നിങ്ങളിൽ ക്ഷമയുള്ള ഇരുപതുപേരുണ്ടെങ്കിൽ അവർ ഇരുന്നൂറ് പേരെ ജയിച്ചടക്കും. അത്തരം നൂറ് പേരുണ്ടെങ്കിൽ സത്യനിഷേധികളിൽ ആയിരം പേരെ ജയിക്കാം. എന്തുകൊണ്ടെന്നാൽ അവർ ഫിഖ്ഹില്ലാത്തവരാകുന്നു" (*അൽ അൻഫാൽ* 65).

സമുദായത്തിന്റെ വീര്യം ചോർന്നുപോയതിന്റെ മറ്റൊരു ഉദാഹരണം വിശുദ്ധ ഖുർആൻ ഇങ്ങനെ വരച്ചുകാട്ടുന്നു: "അനന്തരം ത്വാലൂത്ത് സൈന്യസമേതം പുറപ്പെട്ടപ്പോൾ പറഞ്ഞു: അല്ലാഹു നിങ്ങളെ ഒരു നദിയിൽ വെച്ച് പരീക്ഷിക്കുന്നതാണ്. അതിൽനിന്ന് ജലപാനം ചെയ്യുന്നവൻ എന്റെ അനുയായി ആയിരിക്കുന്നതല്ല. ആര് അതുകൊണ്ട് ദാഹമകറ്റുന്നില്ലയോ അവൻ മാത്രമായിരിക്കും എന്റെ അനുയായി. ഒരു അരകൈക്കുമ്പിൾ മാത്രം വല്ലവരും കുടിക്കുന്നുവെങ്കിൽ കുടിച്ചുകൊള്ളട്ടെ. പക്ഷേ അവരിൽ തുഛം പേരൊഴിച്ച് എല്ലാവരും നദിയിൽനിന്ന് യഥേഷ്ടം കുടിച്ചുകളഞ്ഞു. എന്നിട്ട് ത്വാലൂത്തും അദ്ദേഹത്തിന്റെ കൂടെയുള്ളവരും ആ നദി തരണം ചെയ്തു മുന്നോട്ടുപോകവേ അവർ അദ്ദേഹത്തോടു പറഞ്ഞു: ജാലൂത്തിനെയും അയാളുടെ പടയെയും നേരിടാനുള്ള കഴിവ് ഇന്ന് ഞങ്ങൾക്കില്ല. പക്ഷേ, ഒരുനാൾ അല്ലാഹുവിനെ കണ്ടുമുട്ടുമെന്ന് നിനച്ചവർ പറഞ്ഞു: ദൈവഹിതത്താൽ വൻ സൈന്യങ്ങളെ ചെറുസംഘങ്ങൾ ജയിച്ചടക്കിയിട്ടുണ്ട്. ക്ഷമാലുക്കളുടെ കൂടെയാണ് അല്ലാഹു" (*അൽബഖറ* 249).

ഖുർആൻ സൂക്തത്തിലെ 'അല്ലാഹുവെ കണ്ടുമുട്ടും' എന്ന പരാമർശം ധ്വനിപ്പിക്കുന്നത് അവരുടെ ശക്തമായ പരലോകബോധത്തെയാണ്. ജീവിതത്തിന്റെ സാക്ഷാൽ ലക്ഷ്യമായ അല്ലാഹുവിന്റെ തൃപ്തിയും പരലോകവിജയവും നമ്മെ എത്രമാത്രം അലട്ടുകയും അസ്വസ്ഥപ്പെടുത്തുകയും ചെയ്യുന്നുണ്ടോ, തദടിസ്ഥാനത്തിലാവും നമ്മുടെ പരലോക കാഴ്ചപ്പാട് രൂപപ്പെടുക. അന്തിമമായി നമ്മുടെ ധാർമികബലാബലം നിശ്ചയിക്കുന്നതും ഇതേ കാഴ്ചപ്പാടായിരിക്കും.

ഖുർആൻ സമർപ്പിക്കുന്ന മറ്റൊരു ഉദാഹരണം: "സമുദ്രതീരത്ത് സ്ഥിതിചെയ്തിരുന്ന ആ പട്ടണത്തെക്കുറിച്ച് ഇവരോടൊന്ന് ചോദിച്ചുനോക്കുക. അവിടത്തെ ജനം 'സാബത്തുനാളി'ലെ

ദൈവിക വിധിക്ക് വിരോധം പ്രവർത്തിച്ച സംഭവം അവരെ ഓർമിപ്പിക്കുക. മത്സ്യങ്ങൾ സാബത്തുനാളിൽ മാത്രം കൂട്ടംകൂട്ടമായി ജലപ്പരപ്പിൽ പൊന്തിവരികയും മറ്റുനാളുകളിൽ വരാതിരിക്കുകയും ചെയ്തിരുന്നു. അവരുടെ അനുസരണക്കേട് നിമിത്തം നാം പരീക്ഷണത്തിലകപ്പെടുത്തിയതുകൊണ്ടായിരുന്നു അപ്രകാരം സംഭവിച്ചത്... അവശേഷിച്ച ധിക്കാരികളെയെല്ലാം അവരുടെ പാപകൃത്യങ്ങൾ കാരണം ഘോരമായ ശിക്ഷ പിടികൂടുകയും ചെയ്തു. തങ്ങൾക്ക് നിരോധിക്കപ്പെട്ട കർമം തന്നെ തികഞ്ഞ ധിക്കാരത്തോടെ അനുവർത്തിച്ചുകൊണ്ടിരുന്നപ്പോൾ നാം അവരോട് പറഞ്ഞു: നിന്ദ്യരും പതിതരുമായ കുരങ്ങന്മാരായിത്തീരുവിൻ" (*അൽഅഅ്റാഫ്* 163–166).

ഉപരിസൂചിത ഖുർആൻ വിവരണങ്ങളിൽനിന്ന് ധാർമികശക്തി ആർജിക്കേണ്ടതിന്റെ അനിവാര്യത ആർക്കും ബോധ്യപ്പെടും. അഥവാ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വളർച്ചയുടെ യഥാർഥ മാനദണ്ഡം സമർപ്പിക്കപ്പെടുന്ന റിപ്പോർട്ടുകളുടെയോ വന്നുചേരുന്ന ആൾക്കൂട്ടങ്ങളുടെയോ വലുപ്പമല്ല, പ്രത്യുത നാമോരോരുത്തരുടെയും ധാർമികശക്തിയുടെ വർധനവാണ്. ധാർമികശക്തി ഉത്തരോത്തരം വർധിപ്പിക്കാതെ ഒരിക്കലും ഈ അടർക്കളത്തിൽ വിജയിക്കാനാവില്ല. സത്യപ്രബോധനത്തോടൊപ്പം നമ്മുടെ ധാർമികത പുഷ്ടിപ്പെടുകയും വളരുകയും ചെയ്താലല്ലാതെ ഈ ദൗത്യം ലക്ഷ്യം കാണില്ല. മറ്റൊരുവിധം പറഞ്ഞാൽ, ജീവിതത്തിന്റെ സാക്ഷാൽ വിജയം ധാർമികബോധത്തിലാണെന്ന വസ്തുത ഗ്രഹിക്കാത്തവരാണ് സത്യനിഷേധികൾ. എന്നാൽ ദൈവത്തിന്റെ വിധിവിലക്കുകൾ അവഗണിക്കുകയാണെങ്കിൽ സത്യവിശ്വാസികൾക്കും അതേ ഗതി വരാം. അതുകൊണ്ടുതന്നെ ഐഹികലോകമെന്ന നദിയിൽനിന്ന് നാം 'യഥേഷ്ടം പാനം' ചെയ്യരുത്. ഈ ലോകമെന്ന സമുദ്രത്തിൽനിന്ന് തോന്നിയതുപോലെ 'മത്സ്യവേട്ട' നടത്താനും പാടില്ല. അഥവാ അങ്ങനെ ചെയ്താൽ ആദർശ ദാർഢ്യതയും ലക്ഷ്യബോധവും നശിച്ച് നാം ധർമയുദ്ധത്തിന് അശക്തരായിത്തീരും.

തിന്മ ചെയ്യാനുള്ള സാഹചര്യം ഉണ്ടായിരിക്കെ അത് ഉപേക്ഷിക്കുന്നതാണ് മഹത്തരമെന്ന പാഠവും ഈ ഖുർആൻ സൂക്തങ്ങൾ നൽകുന്നുണ്ട്. ഉദാഹരണത്തിന്, ഒരു യുവാവ് തിന്മ ഉപേക്ഷിക്കുന്നതുപോലെയല്ല ഒരു വൃദ്ധൻ തിന്മ ഉപേക്ഷിക്കുന്നത്. യുവാവ് തന്റെ ചോരത്തിളപ്പിനെ കഠിനയത്നത്തിലൂടെ നേരിട്ട് (ജിഹാദുന്നഫ്സ്) തിന്മയെ അതിജയിക്കുമ്പോൾ ഇടിഞ്ഞുപൊളിഞ്ഞ ശരീരമുള്ള വൃദ്ധന് അത്രയും ത്യാഗം ചെയ്യേണ്ടിവരുന്നില്ല. പരലോകത്ത് ലഭിക്കുന്ന പ്രതിഫലത്തിലും തീർച്ചയായും ഈ വ്യത്യാസം ഉണ്ട്. ■